**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3080

20.12.2012ൽ
മറുപടിയ്ക്ക്

**എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ**
**പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ ; | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | നെന്മാറ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടി ഏതു ഘട്ടം വരെയായി ; വിശദാംശം നൽകുമോ ; | ബി) | എലവഞ്ചേരി പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പക്ഷേ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള അനുയോജ്യമായ കെട്ടിടം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ജീവനക്കാരുടെ ലഭ്യത കൂടി കണക്കിലെടുത്ത് എലവഞ്ചേരി പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മുതലമട പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ടി കണ്ടെത്തിയ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടം മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട മതിയായ സൗകര്യം ഇല്ലാത്തതാണ്. ആയതിനാൽ മുതലമട പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അപേക്ഷയിൻമേൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| സി) | മണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ആയത് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) | നിലവിൽ മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ജീവനക്കാരുടെ ലഭ്യത കൂടി കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

Beenan
സെക്ഷൻ ഓഫീസർ